കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി9-1329/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: 19.01.2021

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇമെയിൽ)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി9-1329/2020 തീയതി 19.01.2021

# പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.3.2019മുതൽ 10.11.2020 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എൻ.സതീശൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.11.2020 മുതൽ 19.11.2020 വരെ വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. സുജാത.പി | ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി.പ്രീത.യു. | അസി.ഓഡിറ്റ് ഓഫീസർ<br>(11.11.2020) |
| 3 | ശ്രീമതി.രമാദേവി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| 4 | ശ്രീമതി.രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ (16.11.2020മുതൽ 19.11.2020 വരെ) |
| 5 | ശ്രീമതി.കാർത്തിക.പി | ഓഡിറ്റർ |
| | ശ്രീമതി ഫസീല.കെ.എ. | ഓഡിറ്റർ (16.11.2020മുതൽ 19.11.2020 വരെ) |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.മുഹമ്മദ് ഹുസൈൻ കോളശ്ശേരി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.അശോക് കുമാർ.സി | 01.04.2018 മുതൽ 31.12.2018 വരെ |
| | ശ്രീ.മധു.വി.ആർ(അസി.സെക്ര ഇൻ ചാർജ്ജ്) | 01.01.2019 മുതൽ 31.03.2019 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സിനി.ബി.എസ് | 01.04.2018 മുതൽ 18.06.2018വരെ |
| | ശ്രീ.ശ്രീഹരി.എം.എസ് | 19.06.2018 മുതൽ 28.02.2019 വരെ |
| | ശ്രീ.രാജൻ.എൻ.എ(അധിക ചുമതല) | 01.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.മധു.സി.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശാന്തി എലിസബത്ത് കുര്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.പ്രീതി.വി.ആർ | 01.04.2018 മുതൽ 05.07.2018വരെ |
| | ഡോ.അബ്ദുൾ റഷീദ്.വി.പി | 06.07.2018മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.മീര.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. സെയ്ത് അബൂബക്കർ സിദ്ധീഖ് | 01.04.2018 മുതൽ 07.05.2018 വരെ |
| | ഡോ. നിഷ നടരാജൻ | 08.05.2018 മുതൽ 30.06.2018 വരെ |
| | ഡോ. അനൂപ് | 01.07.2018 മുതൽ |

| | | |
|---|---|---|
| | ജിയോജോസ് | 27.02.2019 വരെ |
| | ഡോ. നിഷ നടരാജൻ | 28.02.2019 മുതൽ<br>31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജഗോപാലൻ | 01.04.2018 മുതൽ<br>03.06.2018 വരെ |
| | ശ്രീ.വിജയകുമാർ.കെ | 04.06.2018 മുതൽ<br>31.03.2019 വരെ |
| വി.ഇ.ഒ | ശ്രീ.ആദർശ് എബ്രഹാം | 01.04.2018 മുതൽ<br>31.10.2018 വരെ |
| | ശ്രീ.സുബൈർ.എം | 01.11.2018 മുതൽ<br>31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത.കെ | 01.01.2018 മുതൽ<br>31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി.പ്രിയ.പി.ബി | 01.04.2018 മുതൽ<br>22.05.2018 വരെ |
| | | 04.06.2018 മുതൽ<br>26.07.2018 വരെ |
| | | 17.03.2019 മുതൽ<br>24.03.2019 വരെ |
| | ശ്രീമതി.രശ്മി.കെ.ജി | 23.05.2018 മുതൽ<br>03.06.2018 വരെ |
| | ശ്രീമതി.ശ്യാമ.എം.എ | 27.07.2018 മുതൽ<br>16.03.2019 വരെ |
| | | 25.03.2019 മുതൽ<br>31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 10 | ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-10 |
| 11 | രസീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശേധിച്ചതിൽ കണ്ട അപാകതകൾ | 1-12 |
| 13 | ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-13 |
| 14 | വസ്തുനികുതി - രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-14 |
| 15 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 1-15 |
| 16 | തനത് ഫണ്ട്-ചെലവുകൾ | 1-16 |
| 17 | ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-17 |
| 18 | ഉപയോഗിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ് | 1-18 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. | 1-19 |
| 20 | ലാപ്ടോപ്പിന് അധികനിരക്ക് - അധിക തുക തടസ്സം | 1-20 |
| 21 | തുല്യതാ പരീക്ഷ - പഠിതാക്കളുടെ പരീക്ഷ ഫീസ് | 1-21 |

| | | |
|---|---|---|
| | അടവാക്കൽ | |
| 22 | വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 23 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി | 1-23 |
| 24 | പഞ്ചായത്ത് ഫണ്ടിലേക്ക് പിഴ തുക വരവ് വെച്ചിട്ടില്ല | 1-24 |
| 25 | പഴയ മോട്ടോർ രേഖാമൂലം തിരിച്ചേൽപ്പിച്ചിട്ടില്ല | 1-25 |
| 26 | പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം | 1-26 |
| 27 | വിവാഹധനസഹായം(എസ് സി)-അധികം അനുവദിച്ച തുക തിരിച്ചടവാക്കേണ്ടതാണ് | 1-27 |
| 28 | കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് | 1-28 |
| 29 | എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് - ചെലവ് നഷ്ടം, ചെലവ് തുക തടസ്സം | 1-29 |
| 30 | പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-32 |
| 33 | ലൈഫ് പദ്ധതി അവലോകനം | 1-33 |
| | ഭാഗം 2-വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഭാഗം 3-ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | --- |
| 1 | വിവാഹധനസഹായം- അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് | 3-2 |
| 3 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ്സാക്ഷ്യപത്രം | 1 |
| 2 | പത്രികകൾ | 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23.3.2018 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27.2.2019 തീയതിയിലെ 1-ാം നം..തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31.7.2019 | 23.5.2019 | --- | --- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹. 7048981.00 |
| വരവ് | ₹. 109376481.00 |
| ആകെ | ₹. 116425462.00 |
| ചെലവ് | ₹. 102165583.00 |
| നീക്കിയിരിപ്പ് | ₹. 14259879.00 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18244901 | 18244901 | 14528850 | 3716051 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8515000 | 8515000 | 7650547 | 864453 |
| വികസന ഫണ്ട് -ടി.എസ്.പി. | | 4260000 | 4260000 | 75000 | 4185000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 11245000 | 11245000 | 11072872 | 172128 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3749000 | 3749000 | 1501485 | 2247215 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10501493 | 10501493 | 8397237 | 2104256 |
| എം.ജി. എൻ. ആർ.ഇ. ജി.എസ് — തൊഴിലാളിക | 7604 | 27559927 | 28206290 | 27559927 | 12701 |

| | | | | | | |
|---|---|---|---|---|---|---|
| | ളുടെ കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | | 625053 + 13706(int.) | | 633662 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ - | ICDS ട്രഷറി ടി.എസ്.ബി. | 781058 | 995550 | 1776608 | 662719 | 1113889 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ - | TSC SBI, കുമരംപുത്തൂർ | 570000 | 1200000 | 1770000 | 0 | 1770000 |
| | SSA | 14491 | 385 | 14876 | 0 | 14876 |
| | സാക്ഷരത | 104229 | 4169 | 108398 | 0 | 108398 |
| | TSC SBI, കുമരംപുത്തൂർ | 0 | 978271 | 978271 | 180000 | 798271 |
| | BRGF | 70473 | 0 | 70473 | 0 | 70473 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 323000 | 1424383 | 1747383 | 1424383 | 323000 * |
| | | 0 | 753370 | 753370 | 753370 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 2400981 | 2400981 | 2400981 | 0 |
| | | 0 | 400000 | 400000 | 400000 | 0 |
| ബി ഫണ്ട് | | 0 | 242280 | 242280 | 242280 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് SBI, കുമരംപുത്തൂർ** | 1300957 | 35403233 | 36704190 | 32818492 | 3885698 |
| | കുമരംപുത്തൂർ സർവീസ് കോ. ബാങ്ക് | 5414385 | 8480173 | 13894558 | 11268521 | 2626037 |
| | ട്രഷറി അക്കൗണ്ട് *** | 654660 | 22406140 | 23060800 | 15718620 | 7342180 |

* ഒഡിഎഫ് ഇനത്തിൽ ലഭിച്ച ₹.323000/- ൽ 2017-18 വർഷം ₹.160700/- ചെലവായ തുകയാണ്. യഥാർത്ഥ ബാലൻസ് ₹.162300/- ആണ്. ചെലവ് തുക സംയുക്ത പ്രൊജക്റ്റിന്റെ ചെലവ് ഹെഡിൽ ചേർക്കാത്തതിനാൽ നീക്കിയിരിപ്പ് വ്യത്യസ്തമാണ്.

** TSC തുകകൾ തനതുഫണ്ട് അക്കൗണ്ട് (SBI, കുമരംപുത്തൂർ) -ൽ ഉൾപ്പെട്ടിട്ടുണ്ട്.

*** ICDS തുകകൾ ട്രഷറി അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ട്.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 269 | 156425215 | 198 | 88038948 | ---- | 71 | 73.61% |

<u>ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 7 | 3472370 | 1122024 | 32 |
| വി.ഇ.ഒ | 21 | 14 | 86177945 | 42559769 | 49.39% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 6832200 | 5942413 | 86.98% |
| സെക്രട്ടറി | 18 | 10 | 6162000 | 4451627 | 72.24% |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 4353500 | 2445411 | 56.17% |
| അസിസ്റ്റന്റ് എഞ്ചിനിയർ | 171 | 129 | 41134000 | 25529755 | 62.06% |
| മെഡിക്കൽ ഓഫീസർ-PHC | 5 | 4 | 1611700 | 1077725 | 67 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 450000 | 449998 | 100.00% |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 3831500 | 2540304 | 66 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| പ്രധാന അധ്യാപകൻ | 12 | 9 | 1700000 | 1219922 | 71.76% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 700000 | 700000 | 100 |
| ആകെ | 269 | 198 | 156425215 | 88038948 | 56.28% |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242280 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 6709400 | 522 |
| വിധവാപെൻഷൻ | 17696100 | 1352 |
| വാർദ്ധക്യകാലപെൻഷൻ | 23386900 | 1704 |
| വികലാംഗപെൻഷൻ | 4846800 | 94 |
| അവിവാഹിത പെൻഷൻ | 540100 | 41 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹.20899/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 6.10.2020 to 7.10.2020 | 5/2020, 6/2020, 7/2020 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.10–22.4.2010 | 2009-10 | 28.5.2010 |

# 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1. ജില്ലാ പഞ്ചായത്തിൽ നിന്നും ശാരീരിക മാനസിക വെല്ലവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ടി.എ. & സ്കോളർഷിപ്പ് ഇനത്തിൽ ലഭിച്ച ₹.50000/- സംയുക്ത പ്രൊജക്ടിന്റെ ഹെഡിൽ ചേർത്തിട്ടില്ല.

2. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഹെഡ് 320700204 -ൽ ഉള്ള ₹.323000/- (ഒഡിഎഫ്) - യിൽ ₹. 160700/- 2017-18 വർഷം ചെലവഴിച്ചിട്ടുള്ളതാണ്.

3. ലൈഫ് പദ്ധതിക്കായി എടുത്തിട്ടുള്ള ലോൺവിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ലോൺ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4. കേന്ദ്രാവിഷ്കൃതം (ഐ സി ഡി എസ്), ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ഷെയറുകളുടെ ഫണ്ട വിവരം, മറ്റ് ഏജൻസികളിൽനിന്ന് ലഭ്യമാകുന്ന ഫണ്ടുകളുടെ വിവരം എന്നിവ രേഖപ്പെടുത്തുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബി ഫണ്ട് ACR എഴുതി സൂക്ഷിച്ചിട്ടില്ല.

# 1-10 ബജറ്റ്- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബഡ്ജറ്റിൽ

ഉൾക്കൊള്ളിക്കേണ്ടതുമാണ്. സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്.

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പ്രകാരം ബജറ്റ് തയ്യാറാക്കേണ്ടതും അംഗീകരിക്കേണ്ടതുമാണ്.

2018-19 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 09-02-2018 തിയതിയിലെ തീരുമാനം നം. 2 പ്രകാരം എല്ലാ സ്ഥാപന മേധാവികളിൽ നിന്നും നിർദ്ദേശങ്ങൾ പൂരിപ്പിച്ച് വാങ്ങുന്നതിന് അക്കൗണ്ടന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങൾ ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 13-03-2018 -ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച വാർഷിക ബജറ്റ്, ഭരണ സമിതി 23-03-2018 ലെ 1-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം.5/13-11-20)

# 1-11 രസീതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 14-03-2019 മുതൽ 11-11-2020 വരെയുള്ള കാലയളവിലെ രസീതികൾ പരിശോധിച്ചതിൽ ആകെ 13 മാന്വൽ രസീതികൾ ഉപയോഗിച്ചിട്ടുണ്ട്. മാന്വൽ രശീതികൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ഉപയോഗിച്ച 43140, 43134, 43131, 43130, 43132 എന്നീ രശീതി ബുക്കുകളിലും വെറ്ററിനറി സർജൻ ഉപയോഗിച്ച 43135, 43136, 43137, 43138, 43139, 43141 എന്നീ രശീതി ബുക്കുകളിലും കെടിസി വാല്യം 1ആർട്ടിക്കിൾ 92 ബി, കുറിപ്പ് 2 പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.

2)വെറ്ററിനറി സർജന്റെ കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 99 ൽ രസീപ്റ്റ് നമ്പർ 50, 51, 52, 53 എന്നിവ പ്രകാരം തുക പിരിച്ചെടുത്ത് പഞ്ചായത്തിൽ അടവാക്കിയതിന്റെ സാംഖ്യ രസീതി രജിസ്റ്ററിൽ പതിച്ച് സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ടി തുക ഏത് രസീതി ബുക്ക് പ്രകാരമാണ്

പിരിച്ചെടുത്തത് , ആരുടെ പക്കൽ നിന്നാണ് തുക പിരിച്ചെടുത്തത്, എത്ര രൂപയാണ് പിരിച്ചത് എന്നീ വിവരങ്ങൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. തുക പിരിച്ചെടുത്ത് അടവാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| രശീതി നം. | തുക അടവാക്കിയ വ്യക്തിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം |
|---|---|---|---|
| 50 | പ്രിൻസി, വടക്കേപ്പറമ്പിൽ | 25000/- | 119060115852/30-03-2020<br>2500/- |
| 51 | ലഭ്യമല്ല | 550/- | 119060115853/30-03-2020<br>1100/- |
| 52 | " | 275/- | |
| 53 | " | 275/- | |

കെ.എഫ്.സി വാല്യം 1ആർട്ടിക്കിൾ 7(1) പ്രകാരം സർക്കാരിന് ലഭിക്കാനുള്ള ഏതെങ്കിലും തുക ലഭിച്ച് കഴിഞ്ഞാൽ ലഭിച്ച തുകയ്ക്ക് രസീതി നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച തുകകൾ പിരിച്ചെടുത്ത രസീതികൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ , ആയത് രസീതി പിരിവിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം.11/18-11-20)

# 1-12 തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ

എ) ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും.

2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | പമ്പ് | 3 | ഒന്നാം | രണ്ടാം |

| | | | | |
|---|---|---|---|---|
| | ഓപ്പറേറ്റർമാർ<br>(ഷിബു മോൻ. ടി. എ,<br>സുനിൽജോർജ്,<br>ജോബിൻ. പി. സി) | | അർദ്ധവർഷം<br>3750/- | അർദ്ധ വർഷം |
| 2 | സ്പന്ദന സ്ഫൂർത്തി ഫിനാൻഷ്യൽ Ltd. | 11 | രണ്ടാം അർദ്ധ വർഷം<br>7050/- | ഒന്നാം അർദ്ധവർഷം |
| 3 | എ.യു.പി.എസ്, പയ്യനടം | 2 | രണ്ടാം അർദ്ധ വർഷം<br>2500/- | ഒന്നാം അർദ്ധവർഷം |
| 4 | ഇർഷാദ് ഹൈസ്കൂൾ, ചങ്ങിലീരി | 21 | ഒന്നാം അർദ്ധവർഷം<br>9630/- | രണ്ടാം അർദ്ധ വർഷം |

ബി) <u>സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്ക് | ഒന്നും രണ്ടും അർദ്ധ വർഷം |
| KSEB ഓഫീസ്, കുമരംപുത്തൂർ | രണ്ടാം അർദ്ധ വർഷം |
| ബി.എസ്.എൻ.എൽ ഓഫീസ് | ഒന്നും രണ്ടും അർദ്ധ വർഷം |
| മാവേലി സ്റ്റോർ, കുമരംപുത്തൂർ | ഒന്നും രണ്ടും അർദ്ധ വർഷം |
| ഇൻഫോക്സ് Pvt. Ltd. | ഒന്നും രണ്ടും അർദ്ധ വർഷം |
| മലയാളം മോട്ടോഴ്സ് Pvt. Ltd. , വട്ടമ്പലം | ഒന്നും രണ്ടും അർദ്ധ വർഷം |
| സ്പന്ദന സ്ഫൂർത്തി ഫിനാൻഷ്യൽ Ltd. | ഒന്നാം അർദ്ധവർഷം |

സി) <u>സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല</u>

ദി മാനേജർ, ഇൻഫോക്സ് Pvt. Ltd. എന്ന സ്ഥാപനത്തിലെ 20 ജീവനക്കാരുടെ രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി 21550/- രൂപ കണക്കാക്കിയ വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിച്ചിട്ടുള്ളത് ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞു. ആയത് അടവാക്കിയതിന്റെ രേഖകളില്ല. ടി സ്ഥാപനത്തിന്റെ പേര് വിവരമോ ജീവനക്കാരുടെ വിവരമോ ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധ വർഷത്തെയും രണ്ടാം അർദ്ധ വർഷത്തെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഈയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

<u>ഡി) റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

<u>ഇ) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരന്റെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

തനത് ഫണ്ട് ചെലവ് വിവരം പരിശോധിച്ചതിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഓവർസിയർ തസ്തികയിൽ ജോലി ചെയ്ത മുഹമ്മദ് ജൗഹർ എന്ന വ്യക്തിക്ക് ചുവടെ ചേർക്കും പ്രകാരം വേതനം നൽകിയിട്ടുണ്ട്. എന്നാൽ ടിയാളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വേതനം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| മാസം | വേതനം നൽകിയതിന്റെ വിവരം |
|---|---|
| ഒക്ടോബർ/2018 | 28275/- |
| നവംബർ/2018 | 16675/- |
| ഡിസംബർ /2018 | 16675/- |
| ജനുവരി /2019 | 17400/- |
| ഫെബ്രുവരി /2019 | 17400 |
| മാർച്ച് /2019 | 16675/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-13 ലൈസൻസ് അനുവദിച്ചത്

# സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 , 254 എന്നീ വകുപ്പുകൾ കൂട്ടി വായിച്ചതു പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിക്കപ്പെട്ടു. 2018 ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ട്(The Kerala Investment Promotion and Facilitation (No.2) Act,2018) നിലവിൽ വന്നതിനെ തുടർന്ന് പഞ്ചായത്ത് രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട 232, 233 വകുപ്പുകളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 1996ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചട്ടങ്ങളുടെ പേര് 1996ലെ കേരളാ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്ന് മാറ്റുകയും ചെയ്തു.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ചട്ടത്തിലെ ഭേദഗതി പ്രകാരമുള്ള ലൈസൻസ് അനുവദിക്കുകയോ പട്ടിക 2 പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് ഈടാക്കുകയോ ചെയ്തിട്ടില്ല. ഒരു ദിവസത്തെ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ഫീസ് ഈടാക്കിയിരിക്കുന്നത്.മിക്ക അപേക്ഷകളിലും പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തുകയോ സെക്രട്ടറിയുടെ തീരുമാനം സംബന്ധിച്ച രേഖപ്പെടുത്തലുകളോ ഇല്ല.

മേൽ സാഹചര്യത്തിൽ ഭേദഗതി പ്രകാരമുള്ള പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി, ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട

ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

2)വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2018-19 ലെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 227സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1587 വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ടി കണക്കുകളിലെ വൈരുദ്ധ്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കണക്ക് പ്രകാരം പഞ്ചായത്ത് പരിധിയിൽ 86% വാണിജ്യ സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്.പുതിയ സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3)1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻ കടകളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.2018-19 വർഷത്തിലെ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ റേഷൻ കടകൾ ലൈസൻസ് എടുത്തതായി കാണാൻ കഴിഞ്ഞില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നറേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.7/17-11-20)

# 1-14 വസ്തുനികുതി - രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ) ഡാറ്റ പ്യൂരിഫിക്കേഷൻ - വിവരങ്ങൾ ലഭ്യമാക്കിയില്ല

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 12647 കെട്ടിടങ്ങൾ ഗ്രാമപ`ഞ്ചായത്ത്

പരിധിയിൽ നിലവിലുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ വഴി കെട്ടിടങ്ങളുടെ ഉപയോഗക്രമം, ഡിമാന്റ് തുടങ്ങിയ വിവരങ്ങളിൽ വ്യത്യാസം വരുത്തി കാലികമാക്കിയതിന്റെ വിശദ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകളൊന്നും തന്നെ ഹാജരാക്കിയില്ല. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞില്ല.

ബി) 2018-19 വർഷത്തെ വാർഷിക കണക്ക് പ്രകാരം വസ്തു നികുതിയിനത്തിൽ ചുവടെ ചേർക്കും പ്രകാരം കുടിശ്ശിക നിലനിൽക്കുന്നുണ്ട്. ആയത് എത്രയും പെട്ടെന്ന് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | റസിഡൻഷ്യൽ | നോൺ - റസിഡൻഷ്യൽ |
|---|---|---|
| കറന്റ് | 619465 | 399158 |
| അരിയർ | 703217 | 450259 |

(ഓഡിറ്റ് അന്വേഷണം നം.13/19-11-20)

# 1-15 അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

ടെണ്ടർ ഫോം വില ഇനത്തിൽ 12.3.2019 വരെ ലഭ്യമായ ₹.44573/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, കുമരംപുത്തൂർ A/c. No. 37364605862) സൂക്ഷിച്ചിരിക്കുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന ടെണ്ടർ ഫോം വില ഇനത്തിലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.16/19.11.2020)

# 1-16 തനത് ഫണ്ട്-ചെലവുകൾ

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ പദ്ധതി ചെലവ് പരിശോധിച്ചതിൽ നിന്നും തനത് ഫണ്ട് കൂടി വകയിരുത്തിയാണ് പദ്ധതികളുടെ അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമായി.

| ക്രമ നമ്പർ | ആകെ അടങ്കൽ | തനത് ഫണ്ട് | തനത് ഫണ്ട് ശതമാനം |
|---|---|---|---|
| അടങ്കൽ | 156425215 | 13448151 | 8.5% |
| ചെലവ് | 88038948 | 8523787 | 9.6% |

തനത് ഫണ്ട് ചെലവ് ശതമാനം

(8523787/13448151)/100=63%

2018-19 ൽ എല്ലാ ഫണ്ടിനങ്ങളിൽ നിന്നും പദ്ധതികൾക്ക് ആകെ 15,64,25,215രൂപ വകയിരുത്തിയിട്ടുള്ളതിലെ തനത്ഫണ്ടിന്റെ 63% തുകയും ചെലവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്തിന്റെ സാമ്പത്തികനിലയുടെ നിജസ്ഥിതി കൂടി പരിശോധിക്കേണ്ടതാണ്.

| തനത് ഫണ്ട് അക്കൗണ്ട് | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| SBI-9494 | 1300957 | 35403233 | 32818492 | 3885698 |
| KSCB-5031 | 5414385 | 8480173 | 11268521 | 2626037 |
| TRSRY TSB | 654660 | 22406140 | 15718620 | 7342180 |
| ആകെ | 7370002 | 66289546 | 59805633 | 13853915 |

തനത് ഫണ്ടിന്റെ സ്ഥിതി അത്ര ആശാവഹം അല്ലാത്തപ്പോഴും തനത് ഫണ്ടിൽ നിന്നും വലിയ രീതിയിൽ പദ്ധതികൾക്കായി ചെലവഴിച്ചതായി കാണുന്നു. 2018-19 ൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ ഇക്കാര്യം പ്രതിഫലിച്ചിട്ടുണ്ട്.

വരവ് - 13,47,17,235

ചെലവ്- 17,33,98,658

നീക്കിയിരിപ്പ് - (gross deficit)- 3,87,83,788(prior period items കൂടി ഉൾപ്പെടുത്തിയത്)

പഞ്ചായത്തിന്റെ തൻവർഷത്തെ വരവ് ചെലവുകൾ നെഗറ്റീവ് നീക്കിയിരിപ്പിലേക്ക് നീങ്ങുന്ന തരത്തിലുള്ള ചെലവ് നിയന്ത്രിക്കേണ്ടതാണ്. KPRA 1994 സെക്ഷൻ 213ൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് എന്തിനെല്ലാമാവാമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ 2011ലെ KPRA( അസാധാരണ ചെലവുകൾ) ചട്ടങ്ങളിലും തനത് ഫണ്ടിന്റെ വിനിയോഗം , അസാധാരണ ചെലവുകളുടെ പരിധി എന്നിവയും നിശ്ചയിച്ചിട്ടുണ്ട്. ഇത്തരം അസാധാരണ ചെലവ് ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെയും എന്നാൽ 1 ലക്ഷം രൂപയിൽ കവിയാതെയും ആയിരിക്കേണ്ടതാണ്. പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് ഒഴികെയുള്ള ആ വർഷത്തെ തനത് വരുമാനത്തിൽ നിന്നും ശമ്പളം,അലവൻസുകൾ, മറ്റു പ്രതിഫലങ്ങൾ,വൈദ്യുതി ചാർജ്, വെള്ളക്കരം, ഓഫീസ് ചെലവുകൾ, മാലിന്യം നീക്കം ചെയ്യാനുള്ള ചെലവുകൾ എന്നിവയ്ക്ക് വേണ്ടി ആ വർഷം ചെലവാക്കിയ തുക കുറച്ചാൽ കിട്ടുന്ന തുക ഗ്രാമപഞ്ചായത്തിന് മിച്ചഫണ്ടായി കണക്കാക്കാം. 2018-19ലെ തനത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ-പദ്ധതികൾക്കായി വകയിരുത്തി ചെലവഴിച്ച തുക-നിശ്ചിലത പരിധിയിലും അധികമാണ്.

ഭാവിയിൽ പഞ്ചായത്തിന്റെ അനിവാര്യമായ ചെലവുകൾക്ക് തുക വകയിരുത്താൻ കഴിയാത്തവിധം പദ്ധതി ചെലവിലേക്ക് തനത്ഫണ്ട് ഉപയോഗിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയുടെ കൃത്യതയാർന്ന ആസൂത്രണം , ഉപയോഗം എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ചട്ടങ്ങളിൽ നിർദേശിച്ചതിൽ നിന്നും വ്യതിചലിച്ച് തുക വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല(എൻക്വയറി 14/19.11.2020)

# 1-17 ചെലവഴിക്കാത്ത തുകകൾ തിരിച്ചടക്കേണ്ടതാണ്

1) 2018-19 സാമ്പത്തിക വർഷത്തെ AFS ബാലൻസ് ഷീറ്റ് ഷെഡ്യൂൾ നം. B-4 പ്രകാരം താഴെ പറയുന്ന തുകകൾ ഗ്രാമ പഞ്ചായത്തിന്റെ ബാധ്യതയായിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളിൽ നിന്നും പദ്ധതി നടത്തിപ്പിനായി ലഭ്യമാകുന്ന തുകകൾ നാളിതുവരെ ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബി-4 ഹെഡ് | പ്രൊജക്ട് വിവരങ്ങൾ | തുക | ലഭിച്ച സ്ഥാപനം |
|---|---|---|---|
| 320100115 | ലഭ്യമല്ല | 570000 (2017-18)<br>1200000(2018-19) | ശുചിത്വ മിഷൻ |
| 320200322 | ലഭ്യമല്ല | 798271 | ശുചിത്വ മിഷൻ |
| 320300199 | ടി.എ. & സ്കോളർഷിപ്പ് -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ | 50000 | ജില്ലാ പഞ്ചായത്ത് |

തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ അവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/13.11.2020ന് ശുചിത്വ മിഷനിൽ നിന്നും ലഭിച്ച ₹.570000/- ഒ.ഡി.എഫുമായി ബന്ധപ്പെട്ട ഫണ്ടാണ് എന്നും ₹.1200000/- യിൽ ₹.600000/- വട്ടമ്പലം ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്തും PHC കോമ്പൗണ്ടിലും ഓരോ ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിച്ച് 2020-21 ൽകരാറുകാരന് തുക നൽകിയിട്ടുണ്ട് എന്നും ബാക്കിയുള്ള ₹.600000/- ത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോസ്ഥനായി GLPSപയ്യനടം സ്കൂളിൽ ഒരു ടോയ്‌ലറ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് DPC യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് എന്നും

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ₹.798271/- പെർഫോമൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയാണെന്നും MCF നിർമ്മാണത്തിന് DPC യുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹.50000/- സംബന്ധിച്ച പ്രൊസീഡിംഗ്സ് ലഭിക്കാത്തതിനാലും തുക എന്തിനാണ് വിനിയോഗിക്കേണ്ടത് എന്ന് ധാരണയില്ലാത്തതിനാലും തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല എന്നും തുക ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്

2) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഹെഡ് 320100104 -ൽ ഉള്ള ₹.70473/- ബി.ആർ.ജി.എഫ്. ഇനത്തിൽ STSB അക്കൗണ്ടിലുള്ള തുകയാണ്.

ചെലവഴിക്കാത്ത തുകകൾ അതാതു ശീർഷകങ്ങളിൽ തിരിച്ചടക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ചേർക്കേണ്ടതാണ്.

# 1-18 ഉപയോഗിക്കാത്ത ഗുണഭോക്തൃ വിഹിതം തിരികെ നൽകേണ്ടതാണ്

2018-19 ലെ ഗുണഭോക്തൃ വിഹിതമിനത്തിൽ ബാലൻസ് ഷീറ്റ് 320800101 ശീർഷകത്തിൽ 395183 രൂപ ബാക്കിയുണ്ട്. ഈ അക്കൗണ്ട് ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 10000, 1000, 250എന്ന നിരക്കിൽ തുക ഈടാക്കിയിട്ടുള്ളതായി വ്യക്തമായി .ഈ തുക എതെല്ലാം പദ്ധതികൾക്കുള്ള തുകയാണ്,ഓരോ പദ്ധതിയിലും ബാക്കിയുള്ള ഗുണഭോക്തൃ വിഹിതമെത്രയാണ് എന്നും , എത്ര പേർക്കാണ് ഇനിയും പദ്ധതിയിലൂടെ ആനുകൂല്യം നൽകാനുള്ളത് എന്നും അറിയിക്കാൻ ആവശ്യപ്പെട്ട് എൻക്വയറി നല്കിയതിന് മറുപടി ലഭിച്ചില്ല.(എൻക്വയറി നമ്പർ 15/19.11.2020) .2018-19ലെ പദ്ധതികൾ അവസാനിപ്പിച്ചിട്ടുണ്ടാവുമെന്നതിനാൽ, ആനുകൂല്യം കൈപറ്റാത്ത വ്യക്തികളിൽ നിന്നും ഈടാക്കിയ ഗുണഭോക്തൃവിഹിതം അതാത് വ്യക്തികൾക്ക് തിരികെ നല്കേണ്ടതാണ്.

# 1-19 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ -തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

2018-19 വർഷത്തെ ബാലൻസ്ഷീറ്റ് ബി-5 ഷെഡ്യൂൾ, ഡെപ്പോസിറ്റ് രജിസ്ററർ എന്നിവയുടെ പരിശോധനയിൽ നിന്നും വിവിധയിനങ്ങളിൽ ഡെപ്പോസിറ്റ് ലഭിച്ചതും ഇതുവരെയായി തിരികെ ആവശ്യപ്പെടാത്തതുമായ തുകകൾ ഉള്ളതായി കാണാൻ കഴിഞ്ഞു.

2012 മുതലുള്ള ഡെപ്പോസിറ്റുകൾ ഉണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൽ 282, KPRA അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ലെ ചട്ടം 79 എന്നിവ പ്രകാരം കാലാവധി -കഴിഞ്ഞിട്ടും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ , പഞ്ചായത്തിൽ അക്കൗണ്ടിൽ നിന്നും മാറാത്ത ചെക്കുകൾ എന്നിവ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലഭിച്ച് മൂന്ന് വർഷം കഴിഞ്ഞിട്ടും ആരും തിരികെ ആവശ്യപ്പെട്ടിട്ടില്ലായെങ്കിൽ ഇത്തരത്തിലുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതാണ്.

# 1-20 ലാപ്ടോപ്പിന് അധികനിരക്ക് - അധിക തുക തടസ്സം

പദ്ധതി- സ്മാർട്ട് ക്ലാസ്സ് റൂം(103/19)

അടങ്കൽ - 300000/- (എം.ജി.നോൺറോഡ് )

ചെലവ് -ബിൽ നമ്പർ - 4/18-19/31.12.18 – 299000/-
നിർവഹണം – ഹെഡ്മാസ്റ്റർ

പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർവത്കരണം - സ്മാർട്ട്ക്ലാസ്സിനായി ടി.വി, ലാപ്ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 28.09.2018 ന് ടെണ്ടർ നടത്തുകയും ലഭ്യമായ 5 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പി.സി.വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 24.10.2018 ലെ ഭരണസമിതി തീരുമാനം നം.1/7പ്രകാരംപർച്ചേസ് നടത്തുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു

LED TV – 40inch 6 no.@27500 = 165000

Printer – 1 Nos @ 24500

Laptop – 3 No - @36500 – 109500

ആകെ - 299000

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

G.O(Ms)460/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 20/2/17 ,

G.O(Rt)2515/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 30/7/17

Order no. NEP3/40036/2017/Dpi/dt 30.5.17 of the Director of public instruction

സ.ഉ(സാധാ) 97/2018/പൊ.വി.ല തിയതി 06.01.2018

എന്നിവ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള പർച്ചേസുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും പ്രസ്തുത നിബന്ധനകൾ ബാധകമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

Order No.NEP3/10192/2015/Dpi/ dtd 21.11.16 of the Director of Public Instruction പ്രകാരം കമ്പ്യൂട്ടറുകളുടെ minimum Specification & Maximum Price നിഷ്കർഷിച്ചിട്ടുണ്ട്. സ.ഉ(സാധാ) 97/2018/പൊ.വി.വകുപ്പ് തിയതി 6.01.2018 പ്രകാരം ഇവയുടെ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജി.എസ്.ടി. ഉൾപ്പെടെ 31000/- രൂപയാണ് ലാപ്ടോപ്പ് കമ്പ്യൂട്ടറിന് നൽകാവുന്ന പരമാവധി നിരക്ക്. കെൽട്രോണിൽ നിന്ന് നേരിട്ടോ മറ്റു സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ മുഖേനയോ മേൽ പറഞ്ഞ നിരക്കിൽ അധികരിക്കാതെ വാങ്ങലുകൾ നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ പ്രസ്തുത സർക്കാർ ഉത്തരവ്/നിർദേശം പാലിക്കാതെ ഉയർന്ന നിരക്കിൽ (ലാപ്ടോപ്പ് കമ്പ്യൂട്ടർ - @ 36500/-) വാങ്ങിയതിനാൽ പദ്ധതി ഫണ്ടിന് അധികചെലവുണ്ടായി. എൻക്വയറി 9/18.11.2020 ന് മറുപടിയായി IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ് ടെണ്ടർ ക്ഷണിച്ച് വാങ്ങിയതാണ് എന്നും വിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽ പെട്ടിരുന്നില്ല എന്നുമാണ് അറിയിച്ചത്. സർക്കാർ ഉത്തരവ് പാലിക്കാതെ ലാപ്ടോപിന് അധികമായി നൽകിയ 16500/-(5500 x 3) രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

# 1-21 തുല്യതാ പരീക്ഷ - പഠിതാക്കളുടെ പരീക്ഷ ഫീസ് അടവാക്കൽ

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി പത്താം തരം, പ്ലസ് വൺ, പ്ലസ്ടു തുല്യതയ്ക്കായി പഠിതാക്കളുടെ പരീക്ഷ ഫീസ് അടച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 64/19- പത്താം തരം തുല്യത പരീക്ഷ | 100000/- (വികസന ഫണ്ട്) | 35000/- | ബിൽ നം.5/18-19 തീയ്യതി.27.03.2019 രൂ. 35000/- |
| 65/19 – പ്ലസ് വൺ തുല്യത പരീക്ഷ | 100000/- (വികസന ഫണ്ട്) | 59400/- | ബിൽ നം.6/18-19 തീയ്യതി.26.03.2019 രൂ.59400/- |
| 66/19 – പ്ലസ്ടു തുല്യത പരീക്ഷ | 100000/- (വികസന ഫണ്ട്) | 25350/- | ബിൽ നം.7/18-19 തീ.23.03.2019 രൂ.25350/- |

മേൽ പ്രൊജക്ടുകൾ പ്രകാരം എസ് എസ് എൽ സി തുല്യത, പ്ലസ് വൺ തുല്യത, പ്ലസ്ടു തുല്യത പരീക്ഷകൾക്കായി യഥാക്രമം 35000/-(20*1750), 59400/-(27*2200), 25350/-(13*1950) രൂപ കേരളാ സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.എന്നാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് സംബന്ധിച്ച രേഖകൾ, പഠിതാക്കൾ പരീക്ഷ

എഴുതിയതിന്റെ വിവരങ്ങൾ, പഠിതാക്കളുടെ മാർക്ക് ലിസ്റ്റ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തിയോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. പഠിതാക്കളുടെ അപേക്ഷ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (12/19.11.2020)ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ എല്ലാ രേഖകളും സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

# 1-22 വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്റ്റ് നമ്പർ - 34/19 – എ.ബി.സി പ്രോഗ്രാം

അടങ്കൽ - 350000/-(വികസന ഫണ്ട് -ജനറൽ)

ചെലവ്- 350000 /- (ബിൽ നം.1/18-19തീയ്യതി.22.10.2018 രൂ. 350000/- )

നിർവഹണം-വെറ്ററിനറി സർജ്ജൻ

മേൽ പ്രൊജക്റ്റ് പ്രകാരം എ.ബി.സി(തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം)പ്രോഗ്രാമിനായി 350000/- രൂപ വെറ്ററിനറി സർജ്ജൻ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് (നം-799011400002200) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ വിവരം ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-23 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി

2012 ലെ കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1%

കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളുടെ വിശദ വിവരം ഭാഗം 3ൽ ഖണ്ഡിക 3-3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-24 പഞ്ചായത്ത് ഫണ്ടിലേക്ക് പിഴ തുക വരവ് വെച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 264 പ്രകാരം എല്ലാ പിഴകളും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെയ്ക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ പിഴ ഇനത്തിലുള്ള തുക കുറവു ചെയ്തിട്ടാണ് ട്രഷറിയിൽ നിന്നും ബിൽതുക പിൻവലിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

1. ചെറോട്ടി കൻമദപ്പാറ റോഡ് റീടാറിംഗ്

പ്രൊജക്ട് നം. 307/19, 166/17

അടങ്കൽ -₹.178000/-

ചെലവ് - ₹.175823/- ട്രഷറി ബിൽ നം. 31/8.8.18

കരാറുകാരൻ -ശ്രീ.ഷറഫുദ്ദീൻ അലി

എം.ബി. നം. 85/2017-18

എഗ്രിമെന്റ് നം. 49/31.3.17

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.177599/-

കുറയ്ക്കുക (-) ഫൈൻ -₹.1776/-

Total - ₹.175823/- (ട്രഷറിയിൽ നിന്നും പിൻവലിച്ച തുക)

കുറയ്ക്കുക (-)

IT 1% - 1776/-

KCWWf 1% - 1776/-

ബാരൽ - 1666/-

--------------------

കരാറുകാരന് നൽകിയ തുക - 170605/-

==============

2. ഒഴുകുപാറ ചിറക്കൽ റോഡ്ടാറിംഗ്

പ്രൊജക്റ്റ് നം. 151/17

അടങ്കൽ -₹.387000/-

ചെലവ് - ₹.354296/- ട്രഷറി ബിൽ നം. 32/8.8.18

കരാറുകാരൻ -ശ്രീ.ഷറഫുദ്ദീൻ അലി

എം.ബി. നം. 74/2017-18

എഗ്രിമെന്റ് നം. 43/31.3.17

എം.ബുക്ക് പ്രകാരം അനുവദിച്ചത്:

Total Value of work done - ₹.357875/-

കുറയ്ക്കുക (-) ഫൈൻ -₹.3579/-

Total - ₹.354296/- (ട്രഷറിയിൽ നിന്നും പിൻവലിച്ച തുക)

കുറയ്ക്കുക (-)

IT 1% - 3579/-

KCWWf 1% - 3579/-

ബാരൽ - 2856/-

--------------------

കരാറുകാരന് നൽകിയ തുക - 344282/-

ഈടാക്കുന്ന പിഴ തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് തന്നെ വരവു വെക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 പഴയ മോട്ടോർ തിരിച്ചേൽപ്പിച്ചിട്ടില്ല

പമ്പ് ഹൗസ് ഇലക്ട്രിക്കൽ മെയിന്റനൻസ് (pro. 201/19) എന്ന പ്രവൃത്തിയിൽ നിലവിലുള്ള പ്രവർത്തന രഹിതമായ രണ്ട് 30 HP മോട്ടോറുകൾ മാറ്റി പകരം രണ്ട് 30 HP മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി ചെയ്തതിന് ₹.1065291/- (തനതുഫണ്ട് ചെക്ക്നം.85181/30.3.19 – 1024319, 5031028/30.3.19-40972/-) പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ഏല്പിച്ചതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/19.11.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല. കേടായ മോട്ടോറുകൾ റിപ്പയർ ചെയ്ത് പുനരുപയോഗിക്കുന്നതിനോ അല്ലാത്തപക്ഷം ലേലം ചെയ്ത് തുക തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

കൂടാതെ പുതിയ മോട്ടോറുകൾ സ്ഥാപിച്ച് പ്രവൃത്തി പൂർത്തികരിച്ച് പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-26 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 171 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 129 പ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടുണ്ട്. വകയിരുത്തിയ 41134000 രൂപയിൽ 25529755രൂപ ചെലവഴിച്ചിട്ടുണ്ട്. 62.06% തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയർ തൻവർഷം ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
- റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കേണ്ടതാണ്.
- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
- പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.

- പ്രവൃത്തി പൂർത്തീകരണം നീളുന്ന അവസരത്തിൽ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. കരാറുകാരുടെ അപേക്ഷയിന്മേലുള്ള അസി. എഞ്ചിനിയറുടെ വിശദമായ റിപ്പോർട്ടും അനുമതി നൽകിയതിന്റെ രേഖകളും കൃത്യമായി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

- തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ ഡിബി.3/4620/12/സിഇ/തസ്വഭവ തിയതി 22-02-2018 പ്രകാരം 2018-19 സാമ്പത്തിക വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പാക്കുന്ന 25% ടാറിംഗ് പ്രവൃത്തികളിലും ഷ്രെഡഡ് പ്ലാസ്റ്റിക്ക് കൂടി ഉൾപ്പെടുത്തി ടാറിംഗ് പ്രവൃത്തി നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2018-19 വർഷം നിർവഹണം നടത്തിയ പ്രവൃത്തികളിൽ ഷ്രെഡഡ് പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടില്ല.

- <u>എ. പ്രോജക്റ്റുകളുടെ ആധിക്യം</u>

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 171 മരാമത്ത് പ്രവൃത്തികളിൽ 39 എണ്ണം (23%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

<u>ബി. കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്റ്റുകൾ</u>

തൻവർഷത്തെ 47 പ്രോജക്റ്റുകൾ ഒരു ലക്ഷമോ അതിൽ കുറവോ അടങ്കലുള്ളവയാണ്.

<u>സി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം</u>

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 171 മരാമത്ത് പ്രവൃത്തികളിൽ 70 എണ്ണം ടാറിംഗും 80 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ്.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

- സർക്കുലർ നം. 12245/പി1/05/തസ്വഭവ തിയതി, 14.3.2005 പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) വിനിയോഗത്തിൽ ഘടകസ്ഥാപനങ്ങളുടെ മെയിന്റനൻസിന് മുൻഗണന നൽകണം എന്ന് നിഷ്കർഷിക്കുന്നു. ഘടക സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി 9 പദ്ധതികൾ അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും രണ്ടു പദ്ധതി (1%) മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.

താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

അംഗൻവാടി പുനരുദ്ധാരണം (162/19)

അംഗൻവാടി ചുറ്റുമതിൽ (164/19)

അംഗൻവാടി വൈദ്യുതീകരണം (168/19)

ഗവ ഹൈസ്കൂൾ പെയിന്റിംഗ് (174/19)

പയ്യനടം അംഗൻവാടി പൂർത്തീകരണം (200/19)

GMLPS കുമരംപുത്തൂർ ചുറ്റുമതിലും പ്രവേശന കവാടവും (196/19)

കുമരംപുത്തൂർ PHC യിൽ ടോയ്ലറ്റ് നിർമ്മാണം (346/19)

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-27 വിവാഹധനസഹായം(എസ് സി)- അധികം അനുവദിച്ച തുക തിരിച്ചടവാക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് - വിവാഹധനസഹായം(എസ് സി)41/19

അടങ്കൽ- 7,50,000 (വികസന ഫണ്ട്)

ആകെ ചെലവ് - 7,50,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ഒരു ഗണഭോക്താവിന് 75,000 രൂപ പ്രകാരം 10 പേർക്കാണ് പദ്ധതി പ്രകാരം

വിവാഹ ധനസഹായം അനിവദിച്ചിരിക്കുന്നത്.

2016-17 വർഷത്തിൽ 6.10.2016 തീയതിയിൽ വിവാഹിതയായ മഞ്ജു.സി യുടെ മാതാവായ ശ്രീമതി.ലീല, ചങ്ങിലീരിയിൽ ചക്കിങ്ങൽ വീട്ടിൽ, വാർഡ്-9 എന്ന ഗുണഭോക്താവിന് 75000/- രൂപ (ട്രഷറി ബിൽ നം.10/14.3.19) വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അനുവദനീയമായ തുക 50,000/- രൂപയാണ്. അധികം അനുവദിച്ച 25,000/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

ഖണ്ഡിക വിശദമായി 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-28 കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്

പദ്ധതി - കുടുംബശ്രീ റിവോൾവിംഗ് ഫണ്ട്(49/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 1,00,000/- (plan SCP)

ചെലവ് - 1,00,000/- (Treasury bill No. 6/6.12.18)

പദ്ധതി പ്രകാരം 1,00,000/- രൂപ കുടുംബശ്രീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് ആയതിനു ശേഷം ഒരു കുടുംബശ്രീ യൂണിറ്റിന് 10000/- രൂപ വീതം 10 കുടുംബശ്രീ യൂണിറ്റുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ചെക്ക് മുഖേനയാണ് നൽകിയിരിക്കുന്നത്.

സംരഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനെക്കുറിച്ച് സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018തസ്വഭവ, തീയതി.14.2.2018 ഖണ്ഡിക - 21 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ പൊതു ധനകാര്യ സ്ഥാപനത്തിൽനിന്നുള്ള വായ്പ കൂടി ഉൾപ്പെടുത്തി സംരംഭം തുടങ്ങേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡി മാർഗരേഖയിൽ റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ലെന്നും താൽക്കാലികമായ പലിശരഹിതമായ പ്രോൽസാഹനം മാത്രമാണെന്നും പറഞ്ഞിരിക്കുന്നു. ഇത് പ്രതിമാസ തവണകളായി തിരികെ അടയ്ക്കണം. കുടുംബശ്രീക്ക് വ്യക്തമായ വായ്പാധിഷ്ഠിത തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ടിന്റെ അഭാവത്തിലാണ് തുക കുടുംബശ്രീക്ക് കൈമാറിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ മാനദണ്ഡങ്ങളൊന്നും തന്നെ പരിഗണിച്ചതായി കാണുന്നില്ല. ആയതിനാൽപദ്ധതി മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ചെലവ് തുക 100000/-രൂപ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-29 എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക് -രേഖകൾ ഹാജരാക്കിയില്ല-അധിക സബ്സിഡി അനുവദിച്ചു

പദ്ധതി - എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക്(36/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 270000(plan)+90000(BC) = 3,60,000/-

ചെലവ് - 1,44,000 (treasury bill No.15/28.3.19.)

പദ്ധതി പ്രകാരം സാഗർ പോളിക്രാഫ്റ്റ് എന്നസ്ഥാപനത്തിന്റെ ഇൻവോയസ് നം. 105/19.3.2019 (bill of supply) പ്രകാരം ഒരു ടാങ്കിന് 3600/- പ്രകരാം 40 ടാങ്കിന്റെ വിലയായ 1,44,000രൂപ പദ്ധതി ഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്. സബ്സിഡിയായി അനുവദനീയമായതിലും അധികമായി തുക അനുവദിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ട്രഷറി ബില്ലിന്റെ പകർപ്പ്, സാഗർ പോളിക്രാഫ്റ്റ് എന്നസ്ഥാപനത്തിന്റെ ഇൻവോയ്സ് എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1.ടെണ്ടർനടത്തിയതിന്റെ രേഖകൾ .

2.ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം ഇല്ല.

3.വാട്ടർ ടാങ്ക് സ്റ്റോക്കിലെടുത്തത് വിതരണം ചെയ്തതിന്റെ രേഖകൾ.

4. ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ.

4. ഗുണഭോക്താക്കളുടെ അപേക്ഷ, അംഗീകരിച്ച ഗുണഭോകതൃ ലിസ്റ്റ് പ്രകാരം വാട്ടർ ടാങ്ക് നൽകിയവരുടെ വിശദമായ വിവരങ്ങൾ , ഗുണഭോക്താക്കൾ ടാങ്ക് ലഭ്യമാക്കിയത് ഉറപ്പുവരുത്തുന്ന രേഖകൾഎന്നിവയില്ല.

വിശദവിവരങ്ങൾ ഭാഗം 3ൽ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-30 പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി - എസ്.സി.വിദ്യാർത്ഥികൾക്ക് സ്ററഡി ടേബിൾ(37/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 480000(plan scp)

ചെലവ് - 204647(Treasury bill No. 14/28.3.29 – 54905, 11/19.3.19-149742)

പദ്ധതിപ്രകാരം ഒരു ടേബിളിന് 4991 രൂപ പ്രകാരം 41 ടേബിളിന് രണ്ട് ഇൻവോയ്സുകളിലായി ആകെ 204647 രൂപ കേരള സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

Invoice No. PKD/18-19/385/19.3.19 – 54905/-

Invoice No. PKD/18-19/311/28.12.18 – 149742/-

സിഡ്കോയുടെ ഇൻവോയ്സ്, ട്രഷറിബില്ലിന്റെ പകർപ്പ് എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1. സ്ററഡി ടേബിൾ ലഭ്യമായി സ്റ്റോക്കിലെടുത്ത് ആയത് വിതരണം ചെയ്തതിന്റെ രേഖകൾ

2.സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ നൽകാവുന്നത് വിദ്യാർത്ഥികളുടെ സ്കൂൾ മുഖേനയുള്ള അപേക്ഷ.

3. അംഗീകരിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ്.

4. സിഡ്കോയിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം

5. മോണിറ്ററിംഗ് സമിതി റിപ്പോർട്ട്.

സബ്സിഡി മാർഗരേഖ ,അംഗീകരിച്ച പദ്ധതി എന്നിവ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്കാണ് ഫർണിച്ചർ നൽകാവുന്നത്. ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗീകരിച്ച വിദ്യാർത്ഥികളുടെ ലിസ്റ്റ്, ഫർണിച്ചർ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ ലഭ്യമാവാത്തതിനാൽ പദ്ധതി ചെലവ് 204647- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം പ്രതിപാദിച്ചിരുന്ന ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.11.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-31 പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി - വയോജനങ്ങൾക്ക് കട്ടിൽ എസ്.സി(38/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 439350

ചെലവ് - 386264(Treasury No.6/16.3.19 – 221342, 12/19.3.19 – 1,64,922/-)

പദ്ധതിപ്രകാരം ഒരു കട്ടിലിന് 4340 രൂപ പ്രകാരം 89 കട്ടിലുകൾക്ക് രണ്ട് ഇൻവോയ്സുകളിലായി ആകെ 386264 രൂപ കേരള സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്.

Invoice No. PKD/18-19/231/28.12.18 - 221342/-

Invoice No. PKD/18-19/277/19.2.19 - 164922/-

പദ്ധതിയുമായി ബന്ധപ്പെട്ട് ട്രഷി ബില്ലിന്റെ പകർപ്പ്, കേരള സിഡ്കോയുടെ ഇൻവോയ്സ് എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1. കട്ടിൽ സ്റ്റോക്കിലെടുത്തത് ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ

2. ഗുണഭോക്താക്കളുടെ അപേക്ഷ.

3 അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്.

4. സിഡ്കോയിൽ നിന്ന് വാങ്ങുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം ഇല്ല.

5. മോണിറ്ററിംഗ് സമിതി റിപ്പോർട്ട്.

മേൽ പറഞ്ഞ പ്രധാനപ്പെട്ട രേഖകളുടെ അഭാവത്തിൽ പദ്ധതി ചെലവ് തുക 386264/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.11.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-32 പദ്ധതി ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി – ബിരുദ/ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് - എസ്.സി (39/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 660000/- (plan SCP)

ചെലവ് - 6,00,000/-(Treasury Bill No.16/28.3.19)

പദ്ധതി പ്രകാരം ഒരു ലാപ്പ്ടോപ്പിന് 30,000/- നിരക്കിൽ 20 ലാപ്പ് ടോപ്പിന് കെലക്ട്രോണിന് തുക നൽകിയിട്ടുണ്ട്.

Invoice No. 827/18-19/14.3.2019- 19 Nos. - 5,70,000/-

Invoice No. 828/18-19/14.3.2019- 01 Nos. - 30,000/-
പദ്ധതിയുമായി ബന്ധപ്പെട്ട ട്രഷറി ബില്ലിന്റെ പകർപ്പ്, കെൽട്രോണിന്റെ ഇൻവോയ്സ് എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1.ഗുണഭോക്താക്കളുടെ അപേക്ഷ

2.തെരഞ്ഞെടുത്ത ഗുണഭോകാതൃ ലിസ്റ്റ്.

3.ലാപ്പ്ടോപ്പ് സ്റ്റോക്കിലെടുത്തത് വിതരണം ചെയ്തതിന്റെ രേഖകൾ.

4.വാങ്ങുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം

5. മോണിറ്ററിംഗ് സമിതി റിപ്പോർട്ട്

മേൽ പറഞ്ഞ പ്രധാനപ്പെട്ട രേഖകളുടെ അഭാവത്തിൽ പദ്ധതി ചെലവ് തുക 6,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.11.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-33 ലൈഫ് പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ – 2017-18 വർഷത്തിൽ പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം – 2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 516പേരാണുള്ളത്, യോഗ്യതയുള്ളത് 184 ഗുണഭോക്താക്കൾ. ആയതിൽ ആകെ 149 (ജനറൽ 142+എസ്.സി 7) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

(a) ലൈഫ് ഭവന നിർമ്മാണം പദ്ധതി ( ജനറൽ)78/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3649000 | 3649000 |
| ബ്ലോക്ക് പഞ്ചായത്ത് | 1004731 | 1000000 |
| ജില്ലാ പഞ്ചായത്ത് | 1552207 | 1551000 |
| മറ്റിനം(വായ്പ്പ) | 66394062 | 30000000 |
| ആകെ | 72600000 | 36200000 |

(b) ലൈഫ് ഭവന നിർമ്മാണം പദ്ധതി (എസ്.സി)79/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 1765650 | 1765650 |
| ബ്ലോക്ക് പഞ്ചായത്ത് | 419652 | 419652 |
| ജില്ലാ പഞ്ചായത്ത് | 302431 | 174698 |
| മറ്റുള്ളവ | 2572267 | |
| ആകെ | 5060000 | 2360000 |

2018-19 വർഷത്തെ രണ്ട് ഗുണഭോക്താക്കളാണ് നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ ഹഡ്കോയിൽ നിന്ന വായ്പ ലഭ്യമായതിൽ 30000000/- രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. വായ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ

നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തേണ്ടതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

ലൈഫ് പദ്ധതി അവലോകനം

കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി(ലൈഫ്)യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ, പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചാണ് പദ്ധതി നടപ്പാക്കുന്നത്.

സ.ഉ(എം.എസ്)നം.151/2017/തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

ഒന്നാം ഘട്ട പ്രവർത്തനങ്ങൾ – 2017-18 വർഷത്തിൽ പൂർത്തീകരിച്ചു.

രണ്ടാം ഘട്ടം – 2018-19 വർഷത്തെ ലക്ഷ്യം

സ.ഉ(കൈ)നം. 34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും 2018-19 വർഷത്തിൽ തന്നെ ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്ക് അവസാന ഗഡു നൽകാവുന്നതാണ്.

യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാകക്കാർക്ക് 4 ഗഡുക്കളായും പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിവരം താഴെ ചേർക്കുന്നു.

2018-19 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതികൾ

അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ 516പേരാണുള്ളത്, യോഗ്യതയുള്ളത് 184 ഗുണഭോക്താക്കൾ. ആയതിൽ ആകെ 149 (ജനറൽ 142+എസ്.സി 7) പേരാണ് തൻവർഷം എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ഒരു ഗുണഭോക്താവിന് 400000/- രൂപയാണ് പദ്ധതി പ്രകാരം വകയിരുത്തിയിട്ടുള്ളത്.

ഭൂമിയുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഭവനങ്ങൾ നിർമ്മിക്കുന്നതിനായി തൻ വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിവരം താഴെ ചേർക്കുന്നു.

1. ലൈഫ് ഭവന നിർമ്മാണം പദ്ധതി ( ജനറൽ)78/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 3649000 | 3649000 |
| ബ്ലോക്ക് പഞ്ചായത്ത് | 1004731 | 1000000 |
| ജില്ലാ പഞ്ചായത്ത് | 1552207 | 1551000 |
| മറ്റിനം(വായ്പ്പ) | 66394062 | 30000000 |
| ആകെ | 72600000 | 36200000 |

b) ലൈഫ് ഭവന നിർമ്മാണം പദ്ധതി (എസ്.സി)79/19

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻ ഫണ്ട് | 1765650 | 1765650 |
| ബ്ലോക്ക് പഞ്ചായത്ത് | 419652 | 419652 |
| ജില്ലാ പഞ്ചായത്ത് | 302431 | 174698 |
| മറ്റുള്ളവ | 2572267 | |
| ആകെ | 5060000 | 2360000 |

2018-19 വർഷത്തെ രണ്ട് ഗുണഭോക്താക്കളാണ് നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ബാക്കിയുള്ളത്.

ഹഡ്കോ ലോൺ ലഭ്യമായതിന്റേയും ചെലവിന്റേയും വിവരം

2018-19 ൽ ഹഡ്കോയിൽ നിന്നു വായ്പ്പ ലഭ്യമായതിൽ 30000000/- രൂപ ലോൺ അക്കൗണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്.വായ്പ്പയുടെ തിരിച്ചടവ് ആരംഭിച്ചിട്ടില്ല.

സർക്കാർ വിഹിതം

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം സർക്കാരിൽ നിന്നും തുകയൊന്നും ലഭ്യമായിട്ടില്ല.

ഭവന നിധി രൂപീകരിച്ചിട്ടില്ല

ലൈഫ് മിഷൻ മാർഗ്ഗരേഖ പ്രകാരം പൊതുജനങ്ങളിൽ നിന്നും മറ്റ് രീതികളിലും ഫണ്ട് സ്വീകരിച്ച് സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും പേരിൽ ഒരു അക്കൗണ്ട് തുടങ്ങുവാൻ നിർദ്ദേശിച്ചിരുന്നു. 10% പേർക്കെങ്കിലും ഈ ഫണ്ടിൽ നിന്നും ഭവന നിർമ്മാണത്തിനായി തുക അനുവദിക്കുവാൻ ശ്രമിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. പഞ്ചായത്തിൽ അത്തരത്തിൽ ഒരു ഭവനനിധി രൂപീകരിച്ചിട്ടില്ല.

മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്.

രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതികളുടെ പുരോഗതി കൃത്യമായ വിലയിരുത്തൽ നടത്തേണ്ടാതാണ്. 2019-20 വർഷത്തിൽ പദ്ധതികൾ തുടർന്നു വരുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. വിവിധ ഘട്ടങ്ങളിലുള്ള ഭവനങ്ങളുടെ നിർമ്മാണ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കേണ്ടതാണ്.
2. സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാകുവാനുള്ള തുക ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. പദ്ധതിയുടെ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
4. പദ്ധതി നടത്തിപ്പിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.
5. ഭാഗികമായി ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താവിൽ നിന്നും തുക പലിശ സഹിതം ഈടാക്കേണ്ടതാണ്.

ലൈഫ് മിഷൻ മാർഗ്ഗരേഖയ്ക്കനുസരിച്ചും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ് പ്രകാരവും പദ്ധതി പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## ഭാഗം-2

ഒന്നുമില്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 വിവാഹധനസഹായം- അധിക തുക നൽകിയത് അംഗീകരിക്കുന്നില്ല.

പ്രോജക്ടിന്റെ പേര് - വിവാഹധനസഹായം(എസ് സി)41/19

അടങ്കൽ- 7,50,000 (വികസന ഫണ്ട്)

ആകെ ചെലവ് - 7,50,000

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

ഒരു ഗണഭോക്താവിന് 75,000 രൂപ പ്രകാരം 10 പേർക്കാണ് പദ്ധതി പ്രകാരം

വിവാഹ ധനസഹായം അനിവദിച്ചിരിക്കുന്നത്.

2016-17 വർഷത്തിൽ 6.10.2016 തീയതിയിൽ വിവാഹിതയായ മഞ്ജു.സി യുടെ മാതാവായ ശ്രീമതി.ലീല, ചങ്ങിലീരിയിൽ ചക്കിങ്ങൽ വീട്ടിൽ, വാർഡ്-9 എന്ന ഗുണഭോക്താവിന് 75000/- രൂപ (ട്രഷറി ബിൽ നം.10/14.3.19) വിവാഹ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2016-17ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50000 രൂപയാണ് ധനസഹായ തുക. അധികം അനുവദിച്ച 25,000/- രൂപ തിരിച്ചടവാക്കേണ്ടതാണ്.

വിവാഹത്തിന് 15 ദിവസം മുൻപോ, 180 ദിവസത്തിനകമോ അപേക്ഷ നൽകാമെങ്കിലും വിവാഹം നടന്ന വർഷത്തിൽ നിലവിലുള്ള ധനസഹായത്തിനാണ് അർഹതയുള്ളത്.

എന്നാൽ വിവാഹധനസഹായം ലഭിക്കുന്നതിന് സമയബന്ധിതമായി അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ ബഹു.പാലക്കാട് ജില്ലാകലക്ടറുടെ 25.2.2019 -ലെ കത്ത് പ്രകാരം വിവാഹ ധനസഹായം ലഭ്യമാക്കുന്നതിലേയ്ക്കായി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയിരിക്കുന്നത്.

സ.ഉ എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വരുമാനപരിധി 200000 രൂപയ്ക്ക് വിധേയമായി 75000 രൂപ ധനസഹായം നൽകാവുന്നതാണ്.ആയതിന് ഉത്തരവ് നിലവിൽ വന്ന 03.04.2017മുതലാണ് പ്രാബല്യമുള്ളത്.

നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ അധിക ധനസഹായം – രൂപ 25000/- ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.11.2020 )മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-2 എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക്-അധികം നൽകിയ സബ്സിഡി തിരിച്ചടക്കണം

പദ്ധതി - എസ് .സി.വിഭാഗങ്ങൾക്ക് പി.വി.സി.വാട്ടർ ടാങ്ക്(36/19)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

അടങ്കൽ - 270000(plan)+90000(BC) = 3,60,000/-

ചെലവ് - 1,44,000 (treasury bill No.15/28.3.19.)

സാഗർ പോളിക്രാഫ്റ്റ് എന്നസ്ഥാപനത്തിന്റെ ഇൻവോയസ് നം. 105/19.3.2019 (bill of supply) പ്രകാരം ഒരു ടാങ്കിന് 3600/- പ്രകരാം 40 ടാങ്കിന്റെ വിലയായ 1,44,000രൂപ പദ്ധതി ഫണ്ടിൽ നിന്നാണ് നൽകിയിരിക്കുന്നത്.

പദ്ധതിയുമായി ബന്ധപ്പെട്ട ട്രഷറി ബില്ലിന്റെ പകർപ്പ്, സാഗർ പോളിക്രാഫ്റ്റ് എന്നസ്ഥാപനത്തിന്റെ ഇൻവോയ്സ് എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്.

പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

1.ടെണ്ടർനടത്തിയതിന്റെ രേഖകൾ .

2.ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം, പർച്ചേസ് കമ്മിറ്റി തീരുമാനം

3.വാട്ടർ ടാങ്ക് സ്റ്റോക്കിലെടുത്തത് വിതരണം ചെയ്തതിന്റെ രേഖകൾ.

4. ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ രേഖകൾ.

5. ഗുണഭോക്താക്കളുടെ അപേക്ഷ, അംഗീകരിച്ച ഗുണഭോകതൃ ലിസ്റ്റ് പ്രകാരം വാട്ടർടാങ്ക് ലഭ്യമായവരുടെ വിശദമായ വിവരങ്ങൾ , ഗുണഭോക്താക്കൾക്ക് ടാങ്ക് ലഭ്യമാക്കിയത് ഉറപ്പുവരുത്തുന്ന രേഖകൾഎന്നിവ

സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)22/2018തസ്വഭവ, തീയതി.14.2.2018 ഖണ്ഡിക 6.6. പ്രകാരം 75%(പരമാവധി 3000/-രൂപയാണ് ഒരു വാട്ടർ ടാങ്കിന് നൽകാവുന്ന സബ്സിഡി. പദ്ധതി അടങ്കൽ പ്രകാരം 33.33% ഗുണഭോക്തൃ വിഹിതം വകയിരുത്തിയിട്ടുണ്ട്. ഒരു വാട്ടർ ടാങ്കിന്റെ വില 3600/-രൂപയാണ്. ഇതിന്റെ 33.33% ഗുണഭോക്തൃ വിഹിതം 3600x33.33%=1200രൂപയാണ് . ഗുണഭോക്തൃ വിഹിതമായി തുക ഈടാക്കാതെ ടാങ്കിന്റെ വിലയായ 3600/-രൂപ മുഴുവനായും പദ്ധതി വിഹിതത്തിൽ നിന്നാണ് നൽകിയിരിക്കുന്നത്. 40 ഗുണഭോക്താക്കളിൽ നിന്നും 1200 രൂപ വീതം 48000 രൂപ ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഗുണഭോക്താക്കളിൽ നിന്നും തുക ഈടാക്കാൻ സാധിക്കാത്ത പക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും

തുക ഈടാക്കേണ്ടതാണ്.

പദ്ധതി ചെലവ് രേഖകളുടെ അഭാവത്തിൽ മുഴുവൻ ചെലവ് തുകയായ 144000.00 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയം പരാമർശിച്ചിരുന്ന ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 10/18.11.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-3 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി

2012 ലെ കേരള പി.ഡബ്ള്യൂ.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

2017-18 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2018-19 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളിൽ വൈകിയതിനുള്ള പിഴ ഈടാക്കിയിട്ടില്ല. പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയതിന്റെയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു. കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിച്ചല്ല എന്ന് കണ്ടെത്തി. കരാറുകാരുടെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

1. മണിപ്പള്ളിയാൽ റോഡ് റീടാറിംഗ് & ടാറിംഗ്

പ്രൊജക്ട് നം. 240/19, S0149/17

അടങ്കൽ - ₹.601000 [മെയി.ഗ്രാന്റ്(R)]

പി.എ.സി.- ₹.597870.02/-

ചെലവ്- ബിൽ നം - 15/31.5.2018 - തുക – ₹.597590/-

കരാറുകാരൻ- ശ്രീ. ജംഷീദ്

എം.ബി - 06/2017-18

എഗ്രിമെൻറ് നം- 30/16-17 തിയതി, 31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6മാസം)

പൂർത്തീകരിച്ച തീയതി- 28.3.18

ഈടാക്കേണ്ട പിഴ : 3% -₹.17928/-

ഈടാക്കിയത് - 0

ബാക്കി ഈടാക്കേണ്ടത് - ₹.17928/-

2. പുതുക്കുടി ലിഫ്റ്റ് ഇറിഗേഷൻ റോഡ് ടാറിംഗ്

പ്രൊജക്ട് നം. 23/19

അടങ്കൽ - ₹.1000000 [CFC]

പി.എ.സി.- ₹.998980.22/-

ചെലവ്- ബിൽ നം - 120/28.2.19 - തുക – ₹.932458/-

കരാറുകാരൻ- ശ്രീ.അൻസാർ

എം.ബി - 4/2018-19

എഗ്രിമെൻറ് നം- 67/17-18 തിയതി, 19.3.18

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 18.11.18 (8മാസം)

പൂർത്തീകരിച്ച തീയതി- 28.2.19

ഈടാക്കേണ്ട പിഴ : 3% -₹.29969/-

ഈടാക്കിയത് - 0

ബാക്കി ഈടാക്കേണ്ടത് - ₹.29969/-

3. ഐശ്വര്യ നഗർ റോഡ് ടാറിംഗ്

പ്രൊജക്ട് നം. 33/19, S0229/18

അടങ്കൽ - ₹.290000 [മെയി.ഗ്രാന്റ്(R)]

പി.എ.സി.- ₹.290000/-

ചെലവ്- ബിൽ നം - 118/28.2.19 - തുക – ₹.290000/-

കരാറുകാരൻ- ശ്രീ.  ജംഷീദ്

എം.ബി - 26/18-19

എഗ്രിമെൻറ് നം- 26/17-18 തിയതി, 18.12.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.3.18

പൂർത്തീകരിച്ച തീയതി- 11.2.19

ഈടാക്കേണ്ട പിഴ : 3% -₹.8700/-

ഈടാക്കിയത് - 0

ബാക്കി ഈടാക്കേണ്ടത് - ₹.8700/-

ആകെ ഈടാക്കേണ്ട തുക = (1) 17928 +(2) 29969+(3) 8700= ₹.56597/-

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.16/19.11.2020ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കുറവായി ഈടാക്കിയ ഫൈൻ ₹.56597/-കരാറുകാരനിൽ നിന്നും ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും 2012ലെ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | |
|---|---|---|
| 2018-19 | 28.6.2019 to 29.6.2019 | കെ.എസ്.എ.പി.കെ.ഡി-21/997/2019(35) തിയതി, 26.8.2019 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 323000 | ഒഡിഎഫ് | 0 | 323000* |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1004731 | ലൈഫ് ജനറൽ | 1004731 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 419652 | ലൈഫ് എസ്.സി.പി. | 419652 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പാലിയേറ്റീവ് കെയർ | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 262120 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 262120 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 191250 | ഉഴവുകൂലി | 191250 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1552207 | ലൈഫ് ജനറൽ | 1550000 | 2207 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 848774 | ലൈഫ് എസ്.സി.പി. | 848774 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാൽ സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 50000 | ടി.എ. & സ്കോളർഷിപ്പ് -ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾ | 0 | 50000** |

* ഒഡിഎഫ് ഇനത്തിൽ ലഭിച്ച ₹.323000/- ൽ 2017-18 വർഷം ₹.160700/- ചെലവായ തുകയാണ്. യഥാർത്ഥ ബാലൻസ് ₹.162300/- ആണ്. ചെലവ് തുക സംയുക്ത പ്രൊജക്ടിന്റെ ചെലവ് ഹെഡിൽ ചേർക്കാത്തതിനാൽ നീക്കിയിരിപ്പ് വ്യത്യസ്തമാണ്.

** വരവ് തുക സംയുക്ത പ്രൊജക്ടിന്റെ ഹെഡിൽ ചേർത്തിട്ടില്ല.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ലോൺ | 1168/ 2010/ 30.3.2010 | 17053750 | 3623750 | 2000000 | --- | 1623750 |
| KURDFC ലൈഫ് മിഷൻ | --- | 30000000 | 30000000 | --- | --- | 30000000 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല. വാർഷിക ധനകാര്യ പത്രികയിൽ ഓഡിറ്റ് റിക്കവറി ഇനത്തിൽ ഉള്ള ₹.105/- പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശ പ്രകാരം ഒടുക്കിയ തുകയാണ്.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.109376481.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.102165583.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | --- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.129597.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹.1451411.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 25000 | മധു.സി.ആർ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | 48000 | മധു.സി.ആർ, |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | 56597 | 17928 -സിനി.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ 38669 -ശ്രീഹരി.എം.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 0 | 129597 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 16500 | വിജയകുമാർ, പ്രധാന അധ്യാപകൻ |
| 1-28 | 100000 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 204647 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 386264 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-32 | 600000 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | 144000 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1451411 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഒന്നുമില്ല.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിജയകുമാർ, പ്രധാന അധ്യാപകൻ | GMLPS, കുമരംപുത്തൂർ | കാർത്തിക, ഹിൽവ്യൂ നഗർ, സ്ട്രീറ്റ് നം. 7, പെരിമ്പടാരി(പി.ഒ), പാലക്കാട് |
| മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി | --- | T.C.No.26/853, തൈക്കാട് പി.ഒ., തിരുവനന്തപുരം-14 |
| സിനി.ബി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | --- | പൂരം, പെരുങ്കുഴി (പി.ഒ.) തിരുവനന്തപുരം-695 305 |
| ശ്രീഹരി.എം.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | റിട്ടയേർഡ് | ശ്രീമംഗലം ഹൗസ്, കോട്ടർകാവ്, മാവേലിക്കര, ആലപ്പുഴ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP10-170/99/24.9.09 | മുഴുവനും |
| 1997-98 | LFP10-420/99/09.02.2001 | -do- |
| 1998-99 | LFP 8653/01/7-12-2001 | -do- |
| 1999-00 | LFP 886(1)/14/17-11-2014 | -do- |
| 2000-01 | LFP 886(2)/14/15-11-2014 | -do- |
| 2001-02 | LFP 8-86(3)/14/7-10-14 | -do- |
| 2002-03 | LFP 886(4)/14/9-10-14 | -do- |
| 2003-04 | LFP 886(5)/14/9-10-14 | -do- |
| 2004-05 | LFP 886(6)/14/20-2-14 | -do- |
| 2005-06 | LFP 886(7)/14/14-2-14 | -do- |
| 2006-07 | LFP 886(8)/14/20-2-14 | -do- |
| 2007-08 | LFP 886(9)14/ 14-2-14 | -do- |
| 2008-09 | LF P 13-77/13/ 19-2-201319.10.2017. | -do- |
| 2009-10 | LF P 13-77/13/ 19-2-2013 | -do- |
| 2010-11 | LFP 13-77/13/ 19-2-2013 | -do- |
| 2011-12 | LFP 13/2025/14/4-3-2015 | -do- |
| 2012-13 | LFP 13/883/15/20-8-2015 | -do- |
| 2013-14<br>2014-15 | KSA-PKD13/1389/16 | -do- |
| 2015-16 | KSA-PKD-9/152/2017 dt. 31.1.2017 | Do |
| 2016-17 | കെഎസ്എ പികെഡി 9-1687/2017 dt.19.10.2017 | -do- |
| 2017-18 | കെ.എസ്.എ-പികെഡി9-424/2019 dt.26.04.2019. | -do- |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ-പി.കെ.ഡി-21/997/2019(35)


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

ഫോൺ - 04912-520145, തീയതി.26.08.2019

ഇ-മെയിൽ - dopkd.ksad@kerala.gov.in


## സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം

### ന്യൂനതകളുടെ സംഗ്രഹം

1) തൻവർഷത്തെ ലൈബ്രറി സെസ് ഉൾപ്പെടെയുള്ള വസ്തു നികുതിയുടെ - റസിഡൻഷ്യൽ , നോൺ റസിഡൻഷ്യൽ എന്നീ ഹെഡിന് കീഴിലുള്ള സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടകയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കണക്കുകളും വാടക രജിസ്റ്ററിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3) തൊഴിൽ നികുതി(ജീവനക്കാരുടെ) രജിസ്റ്ററിലെ കണക്കുകളും ഈയിനത്തിലുള്ള വാർഷിക ധനകാര്യ പത്രികയിലെ ലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4) സാംഖ്യയിലെ കണക്കുകളും സഞ്ചയിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6) തൊഴിൽ നികുതി(സ്ഥാപനങ്ങളുടേയും, വ്യാപാരികളുടേയും) രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തവും എഴുതി സൂക്ഷിച്ചിട്ടില്ല.

7) ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷ കുടിശ്ശിക തുകകൾക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16).

8) സാംഖ്യ ഡേ ബുക്ക് പ്രതിദിനം പരിശോധിച്ചിട്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല

9) വെള്ളക്കരം രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.PKD-21/997/2019(35)

Kerala State Audit Department,
District Audit Office,Palakkad,

Phone Number: 04912 520145,

Date.26.08.2019

email: dopkd.ksad@kerala.gov.in

## Certificate

Certified that I have examined the Annual Financial Statement of kumaramputhur Gramapanchayat for the year ended on 31-3-2019 in Palakkad District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the Cetification of Accounts of Panchayat Raj Institutions.

In my opinion, the Financial Statement of kumaramputhur Gramapanchayat for the year 2018-19 subject to the observations in the Annexure, property presents the picture of income, expenditure and closing balance.

## Annexure – 1

## Abstract Defects/Discrepancies

1) The DCB Property Tax including library cess for 2018-19 prepared in Sanchaya under Residential & Non Residential heads is not tallying with the AFS.

2) The DCB of Rent for Buildings in the concerned Register is not tallying with the AFS for the current financial year.

3) The yearly Abstract of Profession Tax for Employees not tallying with the AFS for 2018-19.

4) Figures in Sankya and Sanjaya are different.

5) Asset Register is not updated.

6) The Profession Tax Register maintained for Institutions & Traders is incomplete. The yearly Abstract is also not certified by Secretary.

7) Provision for Arrears is not provided in the Income & Expenditure Account for the current financial year in the Schedule I-16.

8) Sankya Day Book is not certified by Secretary on Daily Basis.

9) Water tax register is incomplete. Yearly Abstract is also not certified by secretary.

Deputy Director

# അനുബന്ധം-2 വിവിധ പത്രികകൾ

| Kumaramputhur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 7048981.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1317405.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 772070.00 |
| 150000000 | Sale & Hire Charges | RP-5 | 306957.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 55115771.00 |
| 171000000 | Interest Earned | RP-9 | 132548.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10076759.00 |
| 350000000 | Other Liabilities | RP-36 | 134788.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 5707.00 |
| 330000000 | Secured Loans | RP-32 | 30000000.00 |
| 340000000 | Deposits Received | RP-34 | 160836.00 |
| 350000000 | Other Liabilities | RP-36 | 361630.00 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 10435957.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 556053.00 |

| | | | |
|---|---|---|---|
| | Grand total | | 116425462.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3652627.00 |
| 220000000 | Administrative Expenses | RP-12 | 1587691.00 |
| 230000000 | Operations & Maintenance | RP-13 | 1675929.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3313074.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23168948.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3725060.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 2105303.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 242280.00 |
| 255000000 | Maintenance Projects | RP-20 | 4793243.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 1000.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 124000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1023625.00 |
| 350000000 | Other Liabilities | RP-36 | 4224724.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 197711.00 |
| 280000000 | Prior Period Item | RP-26 | -9250.00 |
| 330000000 | Secured Loans | RP-32 | 2000000.00 |
| 340000000 | Deposits Received | RP-34 | 100589.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1104722.00 |
| 410000000 | Fixed Assets | RP-38 | 17964824.00 |
| 440000000 | Pre-paid Expenses | RP-45 | 30000000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1169483.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 14006132.00 |
| Cash | Cash | RP-40(b) | 253747.00 |
| | Grand Total | | 116425462.00 |

| Kumaramputhur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5496727.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 213063.00 |
| 140000000 | Fee & User Charges | I-4(b) | 2175635.00 |
| 150000000 | Sale & Hire Charges | I-5(b) | 306957.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 126404858.00 |
| 171000000 | Interest Earned | I-8 | 114288.00 |
| 180000000 | Other Income | I-9 | 5707.00 |
| | Total Income | | 134717235.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8760171.00 |
| 220000000 | Administrative Expenses | I-11(b) | 1587691.00 |
| 230000000 | Operations & Maintenance | I-12(b) | 1675929.00 |
| 240000000 | Interest & Finance Charges | I-13 | 197711.00 |
| 250000000 | Decentralised Plan Programme- | I-14 | 3432824.00 |

| | | | |
|---|---|---|---|
| | Productive Sector / Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 50609125.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3725060.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2105303.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 53421580.00 |
| 255000000 | Maintenance Projects | I-14(e) | 4793243.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 1000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 124000.00 |
| 272000000 | Depreciation | I-17(a) | 42965021.00 |
| | Total Expenditure | | 173398658.00 |
| | Gross Surplus/ Deficit of income over Expenditure | | -38681423.00 |
| 280000000 | Prior Period Item | I-18 | 102365.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -38783788.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kumaramputhur Grama Panchayat BALANCE SHEET

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -7867083.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency | B-2 | 0.0 |

| | | | |
|---|---|---|---|
| | Fund | | |
| 312000000 | Reserves | B-3 | 52631896.00 |
| | Total Reserve & Surplus | | 44764813.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4746498.00 |
| | Total Grants, Contributions for Specific Purposes | | 4746498.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 31623750.00 |
| | Total Loans | | 31623750.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 372121.00 |
| 350000000 | Other Liabilities | B-9 | 768600.00 |
| | Total Current Liabilities and Provisions | | 1140721.00 |
| | TOTAL LIABILITIES | | 82275782.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 72784237.00 |
| 411000000 | Accumulated Depreciation | B-11 | -42965021.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 29819216.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3949457.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 33623750.00 |
| 450000000 | Cash and Bank Balance | B-17 | 14259879.00 |
| 460000000 | Loans, Advances and Deposits | B-18 | 623480.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 52456566.00 |
| | Other Assets | | |
| | | | |

| | | | |
|---|---|---|---|
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 82275782.00 |

ഡെപ്യൂട്ടി ഡയറക്ടർ